ലക്കം 20

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

**For Private Circulation only**

## കർത്താവിന്റെ നാൾ

പത്മൊസ് ദ്വീപിന്റെ ഏകാന്തതയിൽ, പ്രിയ ശിഷ്യനായ യോഹന്നാൻ ഇങ്ങനെ എഴുതി; "കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി, കാഹളനാദത്തിന്റെ മഹാശബ്ദം എന്റെ പിന്നിൽ നിന്നും കേട്ടു. (വെളി.1:10) ആശ്ചര്യമായ ഈ അവസരത്തിൽ യോഹന്നാന് ഒരു വെളിപ്പാട് ലഭിച്ചു. 'കർത്തൃദിവസം' എന്നത് ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ അഥവാ ഞായറാഴ്ചയത്രെ.

ആഴ്ചയുടെ അവസാന ദിവസമായ ശനിയാഴ്ച, യഹൂദന്മാർക്ക് ന്യായപ്രമാണ പ്രകാരം വളരെ പ്രാധാന്യതയുള്ളതാണ് പരിശുദ്ധ ശബ്ബത്താചരണവും ആരാധനയുമൊക്കെയുള്ളതാണ്. ക്രിസ്തുവിന്റെ വരവിനുശേഷം ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അവർ ന്യായപ്രമാണത്തിൻ കീഴിലല്ല, പ്രത്യുത ആഴ്ചവട്ടത്തിന്റെ 'ഒന്നാംനാൾ' ദൈവത്തെ ആരാധിക്കുവാൻ കൂട്ടായ്മ ബന്ധത്തോടെ കൂടി വരാറുള്ളതാണ്.

ക്രിസ്തു മരിച്ചിട്ട് ഉയർത്തെഴു ന്നേറ്റത് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളായ തിനാൽ ക്രിസ്ത്യാ നിക്ക് പ്രസ്തുത ദിവസം വളരെ പ്രാധാന്യമുള്ളതാണ്. "ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ അതികാലത്ത് കല്ലറയിൽ അവർ എത്തി. കല്ലറയിൽ നിന്നും കല്ല് ഉരുട്ടിക്കളഞ്ഞതായി കണ്ടു. അകത്തു കടന്നാറെ കർത്താവായ യേശുവിന്റെ ശരീരം കണ്ടില്ല" (ലൂക്കോസ് 24 :1–3)

ഞായറാഴ്ചയുടെ പ്രാധാന്യത വർദ്ധിപ്പിക്കുവാൻ മറ്റൊരു കാരണം ആദിമവിശ്വാസികളിൽ പെന്തെക്കോസ്തു നാളിൽ ആത്മപ്പകർച്ച ഉണ്ടായതും ആഴ്ചവട്ടത്തിന്റെ ഒന്നാം നാളായ ഞായറാഴ്ച യാണെന്ന് കരുതപ്പെടുന്നു. (അപ്പോ:2:1–4) ആഴ്ചകളുടെ ആഘോഷം, അഥവാ പെന്തെക്കോസ്തു, കൃഷിയുടെ ആഘോഷം എന്നത്, യഹൂദാപാരമ്പര്യ വിശ്വാസമനുസരിച്ച് മോശെ സീനായ് മലയിൽ കല്പന കൊടുത്ത ദിവസമായി എണ്ണപ്പെടുന്നു. പെസഹായ്ക്ക് ശേഷം അമ്പതാം ദിവസമായിരുന്നു പെന്തെക്കോസ്തുനാൾ. മനോഹര മായ മറ്റൊരു സാദൃശ്യമുള്ളത്, യേശു മനുഷ്യ രാശിയുടെ പാപപരിഹാരമായി ക്രൂശുമരണം അനുഭവിച്ചതും പെസഹാചരണ ദിവസത്തിനടുത്ത ദിവസമായിരുന്നു. പെന്തെക്കൊസ്തു നാളിൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്നപ്പോൾ ദൈവം തന്റെ ജനത്തിന്റെ ഹൃദയങ്ങളിൽ ദൈവീക കല്പനകൾ എഴുതിച്ചേർക്കുകയായിരുന്നു.



"കർത്താവായ യേശുക്രിസ്തു കല്ലറയിൽ നിന്നും ഉയർത്തെഴുന്നേറ്റത് ആഴ്ചവട്ടത്തിന്റെ ഒന്നാംദിനമായ ഞായറാഴ്ച ആകയാൽ വിശ്വാസികൾക്ക് ആ ദിവസം വളരെ പ്രാധാന്യമുള്ളതാണ്."


| | | | | |
|---|---|---|---|---|
| പത്രാധിപലേഖനം | ബൈബിൾ പഠനം: ശബ്ബത്ത് | അനുബന്ധ ലേഖനം: ശബ്ബത്ത് | ചോദ്യവും - ഉത്തരവും മോശെയുടെ ശബ്ബത്തും ക്രിസ്തീയ ശബ്ബത്തും | നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് |
| 3 | 4 | 5 | 7 | 8 |

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

ഇത്യാദികാരണങ്ങൾ കൊണ്ട് ക്രിസ്തുവിന്റെ അനുഗാമികൾ ശനിയാഴ്ചയ്ക്ക് പകരം ഞായറാഴ്ച ദൈവത്തെ ആരാധിക്കുവാൻ തെരഞ്ഞെടുത്തിട്ടുള്ളത്. ശബ്ബത്തുനാളിനെക്കാൾ അവർക്ക് പ്രധാന്യത ആഴ്ചവട്ടത്തിന്റെ ഒന്നാം നാളായിരുന്നു.

തിരുവെഴുത്തിൻ പ്രകാരം ഞായറാഴ്ച പുലർച്ചെ ആദിമസഭ ആരാധന നടത്തിവന്നു. 'ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ പൗലോസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ട് അവരോട് സംഭാഷിച്ചു പാതിരാവരെയും പ്രസംഗം നീട്ടി.'(അപ്പോ:20:7) കൊരിന്തിലെ വിശുദ്ധന്മാർക്ക് പൗലോസ് ഇപ്രകാരം ഉപദേശിച്ചു: വിശുദ്ധന്മാർക്ക് വേണ്ടിയുള്ള ധർമ്മശേഖരത്തിന്റെ കാര്യത്തിലോ ഞാൻ ഗലാത്യസഭകളോട് ആജ്ഞാപിച്ചതുപോലെ നിങ്ങളും ചെയ്‌വിൻ, ഞാൻ വന്നശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിന് ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ തോറും നിങ്ങളിൽ ഓരോരുത്തൻ തനിക്ക് കഴിവുള്ളത് ചരതിച്ച് തന്റെ പക്കൽ വച്ചുകൊള്ളേണം". അവരുടെ വഴിപാട് ശേഖരം ശബ്ബത്തിന് വിരുദ്ധമായി ഞായറാഴ്ച ആയിരുന്നു. ക്രിസ്തുവിന്റെ കാലം മുതൽക്കിങ്ങോട്ട് ദൈവത്തെ ആരാധിക്കുവാൻ ഞായറാഴ്ച കൂടിവരുന്ന പാരമ്പര്യം തന്നെ സംജാതമായി. പഴയനിയമ ശബ്ബത്താചരണം പിന്നീട് ആചരിച്ചതായോ ആചരിക്കാൻ അനുശാസിച്ചിട്ടുള്ളതായോ ഒരു സൂചനയുമില്ല. (എബ്രായർ.10:25)

ഞായറാഴ്ച അല്ലാതെയുള്ള ദിവസങ്ങളിൽ ആരാധിക്കുന്നതിൽ അപാകത ഒന്നുമില്ലെങ്കിലും. ശനിയാഴ്ച ആരാധിക്കുവാൻ ജനത്തെ ഉപദേശിച്ച് ശബ്ബത്തിലേക്ക് മടക്കികൊണ്ട് പോകാനുള്ള പ്രവണത തികച്ചും തെറ്റാണ്. അങ്ങനെയുള്ളവർ കഴിഞ്ഞുപോയ നാളിന്റെ പ്രത്യേകതയെ പിടിച്ചുകൊണ്ടിരിക്കുകയും നീതിയിൽ നിന്നും അകന്നു ജീവിക്കുന്നവരുമത്രെ. കല്പനയുടെ ബാഹ്യമായ പുറം പൂച്ചലിനെ മാത്രം പിൻപറ്റുകയും മഹത്തായ യഥാർത്ഥ സ്വാതന്ത്ര്യവും ക്രിസ്തുവിൽ നീതിയും നഷ്ടപ്പെടുത്തുന്നവരുമത്രെ.

ചില ഇസ്ലാമിക രാഷ്ട്രങ്ങളിൽ ഒട്ടുമിക്ക എല്ലാ വിഭാഗക്കാരും ഞായറാഴ്ച ആരാധന മറ്റു ദിവസമായി സാഹചര്യങ്ങളെ ഉൾകൊണ്ട് ക്രമീകരിച്ചിരിക്കുന്നു.

- MWS

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www.thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം



*ആകയാൽ ദൈവത്തിന്റെ ജനത്തിന് ഒരു ശബ്ബത്തനുഭവം ശേഷിച്ചിരിക്കുന്നു. ദൈവം തന്റെ പ്രവർത്തികളിൽ നിന്ന് എന്നപോലെ അവന്റെ സ്വസ്ഥതയിൽ പ്രവേശിച്ചവൻ താനും. തന്റെ പ്രവർത്തികളിൽ നിന്ന് നിവൃത്തനായിത്തീർന്നു. - എബ്രായർ- 4:9,10*

ആത്മാവ് ക്രിസ്തുവിൽ സ്വസ്ഥമായിരിക്കുന്നു എന്നതിനെക്കാൾ വലിയ മഹത്വകരമായ സ്വസ്ഥത വേറെയില്ല. സകലബുദ്ധിയേയും കവിയുന്ന ദൈവീക സമാധാനം നമുക്ക് ക്രിസ്തുവിലുണ്ട്. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന സകലപ്രശ്ന കലുഷിത സാഹചര്യത്തേയും കൊടുങ്കാറ്റിന് സമാന സന്ദർഭങ്ങളെയും അതിജീവിക്കുവാൻ ഒരു ദൈവപൈതലിന്റെ ഹൃദയത്തെ പര്യാപ്തമാക്കുന്നതാണത്. അത് നമ്മുടെ സ്വന്തശക്തികൊണ്ടോ ഭുജബലം കൊണ്ടോ സാധ്യമാകുന്നതല്ല പ്രത്യുത ദൈവപുത്രനായ ക്രിസ്തുയേശുവിന്റെ ശക്തമായ സാന്നിധ്യം കൊണ്ടുമാത്രമാണത് സാധ്യമാകുന്നത്.

ദൈവം മനുഷ്യനോട് സ്ഥാപിച്ച രണ്ടു പ്രധാനപ്പെട്ട ഉടമ്പടികളെക്കുറിച്ചുള്ള പഠനത്തിന് 18-ാം പതിപ്പിൽ നാം അടിത്തറ ഇട്ടതിൻമേലുള്ള തുടർന്നുള്ള വിശകലനമാണ് ഇത്തവണത്തെ പംക്തിയിൽ പ്രതിപാദിപ്പാൻ ഞാനാഗ്രഹിക്കുന്നത്. പത്തു കല്പനയിലെ ഒന്നാണ് ശബ്ബത്തുനാളിനെ ശുദ്ധീകരിപ്പാൻ ഓർക്കുക എന്നത്. പുതിയ നിയമത്തിൽ ക്രോഡീകരിച്ചിട്ടില്ലാത്ത ചുരുക്കം കല്പനകളിലെ ഒന്നത്രെ ഇത്. ക്രിസ്തുവിലുള്ള ശബ്ബത്തു സ്വസ്ഥതയുടെ നിഴലായിരുന്നു ഇത്.

ഇന്ന് ശബ്ബത്താചരിക്കുന്നവർക്കായുള്ള പഠനമാണ് പ്രധാനമായുള്ളത്. ദൈവകല്പന തങ്ങൾ അനുസരിക്കുന്നു എന്നഭിമാനിക്കുന്ന സെവന്ത്ഡേ. കൂട്ടരുടെ ഇരട്ടത്താപ്പ് നയം തുറന്നു കാട്ടുക യാണിവിടെ. പഴയനിയമകാലത്ത് ധാരാളം മൃഗങ്ങളെ യാഗം കഴിക്കുകയും അനേക ഉത്സവങ്ങളും പെരുന്നാളും ദൈവത്തിനായി ആചരിക്കുവാനും പഠിപ്പിച്ചിരുന്നു. ന്യായപ്രമാണം എന്താണ് പറയുന്നത്? ശബ്ബത്തിനെ സംബന്ധിച്ച് യിസ്രായേൽ മക്കൾ തങ്ങളുടെ സ്ഥലം വിട്ട് പുറത്ത് പോകരുതെന്നാണ് വീഴ്ചവരുത്തുന്നവർക്ക് മരണശിക്ഷയാണ് നൽകിയിരുന്നത്. സെവന്ത്ഡേക്കാർ ഇന്നും ഇതു തന്നെയാണോ അനുശാസിക്കുന്നത്? ഇക്കാരണത്താലാണ് പറയുന്നത് പഴയനിയമത്തിലുള്ളത് അതേപടി പകർത്തി ആചരിക്കുന്നത് അബദ്ധമായി പോകുമെന്ന്. പഴയനിയമം നിഴലായി സ്വീകരിച്ച് പഠിച്ചുകൊണ്ട് പുതിയനിയമ പൊരുൾ തൃപ്തികരമായ നിലയിൽ സ്വീകരിക്കുകയാണ് വേണ്ടത്.

ജോലി ചെയ്യുവാനും ദൈവത്തെ ആരാധിക്കുവാനും ഇന്നു നമുക്ക് സ്വാതന്ത്ര്യമുണ്ട്. പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണശക്തിയോടും ബലത്തോടും ദൈവത്തെ ആരാധിക്കുകയാണ് വേണ്ടത്. സ്വസ്ഥതയുടെ പ്രയോഗിക പാഠങ്ങൾ അവഗണിക്കാതെ പഴയനിയമത്തെ  നിഴലായി കണ്ടുകൊണ്ട് ദൈവത്തെ ആരാധിക്കുവാനാണ് ദൈവം നമ്മെകുറിച്ച് ആഗ്രഹിക്കുന്നത്.

നീതിമാനായ ദൈവത്തെ താഴ്മയോടും വിനയത്തോടും കൂടി സമീപിച്ച് ആരാധിച്ചാൽ മാത്രമേ യഥാർത്ഥ ദൈവീക സമാധാനം നമുക്ക് ലഭിക്കുകയുള്ളൂ.

**മൈക്കിൾ ഡബ്ല്യു. സ്മിത്ത്**

ഇന്റർനെറ്റിൽ
കൂടുതൽ
വായിക്കാം.

www.thegospeltruth.org

# ബൈബിൾ പഠനസഹായി : ശബ്ബത്ത്

**വായനഭാഗം:** അതുകൊണ്ട് ഭക്ഷണപാനീയങ്ങൾ സംബന്ധിച്ചോ പെരുന്നാൾ, വാവ്, ശബ്ബത്ത് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത്. ഇവ വരാനിരിക്കുന്ന നിഴലത്രെ. ദേഹം എന്നതോ ക്രിസ്തുവിനുള്ളത്. – കൊലൊ 2:16-17

**രത്നചുരുക്കം :** പഴയ ഉടമ്പടിയുടെ കീഴിലാണ് ശബ്ബത്താചരണം സാധ്യമായിട്ടുള്ളത്. ഒരു ദിവസം ദൈവത്തിനായി വിശുദ്ധമായി വേർതിരിക്കുന്ന ആചാരം ക്രിസ്തുവിൽ കൂടി പുതിയ നിയമത്തിൽ നിവൃത്തി ആകുകയായിരുന്നു. വാസ്തവത്തിൽ ആത്മാവിലുള്ള സ്വസ്ഥത ക്രിസ്തു പ്രധാനം ചെയ്യുകയും എല്ലാ ദിവസവും ദൈവത്തിന് വിശുദ്ധമായുള്ളതെന്ന് വിശ്വസിക്കപ്പെടുകയും ചെയ്യുന്നു.

**I മോശയുടെ ശബ്ബത്തിന്റെ ആവിർഭാവം**

A. പുറപ്പാട്. 16:22-30 ആദ്യമായി ആചരിച്ചു.
B. പുറപ്പാട്. 20:8-11 സീനായി മലയിൽ വച്ച് കല്പന നൽകുന്നു

**II. മോശെയുടെ കാലം വരെ ശബ്ബത്ത് ആചരണം ഉണ്ടായിരുന്നില്ല**

A. നെഹമ്യ. 9:14 മോശയാൽ സ്ഥാപിക്കപ്പെട്ടു.
B. ആവർത്തനം5:15 മിസ്രയീമിൽ നിന്നുള്ള വിടുതലിൻ ശേഷമുള്ള കല്പന

**III. ശബ്ബത്തിനായുള്ള കാരണങ്ങൾ**

A. പുറപ്പാട് 23:12 സ്വസ്ഥത
B. പുറപ്പാട് 20:11സൃഷ്ടാവിനെ/സൃഷ്ടിയെക്കുറിച്ചുള്ള സ്മരണ
C. ആവർ 5:12-15 മിസ്രയിമിൽ നിന്നുള്ള വിടുതലിന്റെ സ്മരണ
D. ലേവ്യ 23:3-8 (19:30) ആരാധനാവേള

**IV. ശബ്ബത്തിനായുള്ള നിയമാവലി**

A. പുറപ്പാട് 31: 12-17 (35:2,3) വേലചെയ്താൽ അവർ മരണയോഗ്യർ
B. സംഖ്യ 15:32-36 ശബ്ബത്തുനാളിൽ വിറക് ശേഖരിക്കുന്നവനെ കല്ലെറിഞ്ഞു കൊല്ലണം
C. നെഹ. 13:17-19 ശബ്ബത്തിനെ അശുദ്ധമാക്കിയ യഹൂദ

**V. യഹൂദന്മാർക്കുള്ള ഒരു ഉടമ്പടി ആയിരുന്നു കല്പന**

A. പുറപ്പാട് 31:17 ദൈവവും യിസ്രായേൽ മക്കളും തമ്മിലുള്ള അടയാളം

**VI. പഴയഉടമ്പടിയിലുള്ള കൽപ്പന നിർബ്ബന്ധത്താലല്ല** (18-ാം ലക്കം നോക്കുക)

A. എബ്രായർ 8:8-9,13 മോശയുടെ ന്യായപ്രമാണത്തിന്റെ അപര്യാപ്തത (യിരെമ്യ.31:31,32)
B. ലൂക്കോസ്16:16 മോശയുടെ ന്യായപ്രമാണം യോഹന്നാൻ സ്നാപകൻ വരെ
C. ഗലാത്യർ 3:11-13 ന്യായപ്രമാണം മുഖാന്തരം ഒരു ജഡവും നീതീകരിക്കപ്പെടുന്നില്ല
D. റോമർ 6:14 ന്യായപ്രമാണത്തിൻ കീഴിലല്ല (റോമർ.7:6)
E. അപ്പോ 15:5,24,28,29 മോശയുടെ പ്രമാണം അനുശാസിക്കുവാൻ കല്പിച്ചിരുന്നില്ല

**VII. യേശുവും ശബ്ബത്തും**

A. മത്തായി 12:1-8 കതിർ പറിച്ചു തിന്നതിനെ യേശു ന്യായീകരിക്കുന്നു
B. മർക്കോസ് 2:27 യേശു ശബ്ബത്തിന് കർത്താവാകുന്നു
C. മത്തായി 12: 9-14 ശബ്ബത്തുനാളിൽ നന്മ ചെയ്യുന്നത് സ്വീകാര്യം തന്നെ

**VIII. ക്രിസ്തീയ ശബ്ബത്ത്**

A. എബ്രായർ10:1 വരുവാനുള്ള നന്മയുടെ നിഴലായിരുന്നു ന്യായപ്രമാണം
B. മത്തായി 5:17 യേശു ന്യായപ്രമാണത്തെ നിവർത്തിച്ചു
C. യെശയ്യ 11:10 മഹത്വ പൂർണ്ണമായ സ്വസ്ഥത പ്രവചിച്ചിരുന്നു
D. എബ്രായർ 4:1-11 യഥാർത്ഥ ശബ്ബത്ത് യേശുവിലൂടെയുള്ള സ്വസ്ഥതയാണ്
E. മത്തായി 11:28 യേശുവാകുന്നു ആത്മീയസ്വസ്ഥതയുടെ ദാതാവ്
F. കൊലൊസ്യർ 2:16-17 ശബ്ബത്തുനാളിനെ വിധിപ്പാൻ ഒരു മനുഷ്യനുമാകില്ല
G. ലൂക്കോസ് 1:74-75 എല്ലാ ദിനവും ശുദ്ധംതന്നെ

**IX. കർതൃദിവസം ക്രിസ്തീയ ആരാധനയുടെ ചരിത്രദിനം**

A. വെളിപ്പാട് 1:10 കർതൃദിവസം
B. ലൂക്കോസ് 24:1 (മത്തായി 28:1) ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ കർത്താവിന്റെ പുനരുത്ഥാനമായിരുന്നു
C. അപ്പോ 2:1 പെന്തക്കോസ്തുനാൾ ഞായറാഴ്ച ആയിരുന്നു
D. 1കൊരി16:1,2 (അപ്പോ 20:7) ആദിമ ക്രിസ്ത്യാനികൾ ഞായറാഴ്ച ആയിരുന്നു ആരാധിച്ചിരുന്നത്

**ഉപസംഹാരം :** ഇപ്പോഴൊ ദൈവത്തെ അറിഞ്ഞും വിശേഷാൽ ദൈവം നിങ്ങളെ ദൈവം അറിഞ്ഞും ഇരിക്ക നിങ്ങൾ പിന്നെയും ബലഹീനരും ദരിദ്രവുമായ ആദിപാഠങ്ങളിലേക്ക് തിരിഞ്ഞ് അവയ്ക്ക് പുതുതായി അടിമപ്പെടുവാൻ ഇച്ഛിക്കുന്നതെങ്ങനെ? നിങ്ങൾ ദിവസങ്ങളും മാസങ്ങളും കാലങ്ങളും ആണ്ടുകളും പ്രമാണിക്കുന്നു. – ഗലാത്യർ 4:9,10

## കടപ്പെട്ട ക്രീയാത്മകമായ നിയമങ്ങളെ നിർവീര്യമാക്കിയ
## 4 സന്ദർഭങ്ങൾ

(ആഡം ക്ലർക്കിന്റെ പരിഭാഷയിൽ നിന്നും)

1. അനിവാര്യതയുടെ പ്രകൃതിയാലുള്ള നിയമത്താൽ
2. ഒരു വിശേഷപ്പെട്ട, ഏറ്റവും ഉയർന്ന പ്രമാണത്താൽ
3. കരുണയുടെയും ദയയുടെയും പ്രമാണത്താൽ
4. നിയമകർത്താവിന്റെ അധികാരത്താലും നിയമനാജ്ഞയാലും

മത്തായി 12:4-8 വരെയുള്ള വചനങ്ങളുടെ ക്രോഡീകരണമാണ് ഇതെല്ലാംതന്നെ.

# ശബ്ബത്ത്

**"ശബ്ബത്തുനാളിനെ ശുദ്ധീകരിക്കുവാൻ ഓർക്കുക" (പുറപ്പാട് 20:8). നാലാമത്തെ ഈ കല്പന നിർദ്ദേശിച്ചിരിക്കുന്നത് ദൈവം സീനായ് മലയിൽ വച്ചു നൽകിയ പത്തു കല്പനയിലാണ്. ആഴ്ചയിലെ അവസാന ദിവസം ശനിയാഴ്ച ദൈവത്തെ ആരാധിക്കുവാനാണ് പഴയ നിയമത്തിലെ ഈ നിർദ്ദേശം. ദൈവജനം ആഴ്ചയിൽ ആറുദിവസം ആദ്ധ്വാനിച്ചിട്ട് ഏഴാം ദിവസം ജോലിയോ ആദ്ധ്വാനമോ ഇല്ലാതെ ദൈവത്തിനു വേണ്ടി ആ ദിവസം വേർതിരിച്ചു.**

## ശബ്ബത്തിന്റെ ഉത്ഭവം

മിസ്രയീമിൽ നിന്നു പുറപ്പെട്ട യിസ്രായേൽ മക്കൾ മരുഭൂമിയിൽ വന്നപ്പോൾ ദൈവം അവർക്ക് ആഹാരത്തിനായി മന്ന വർഷിപ്പിച്ചത് ആദ്യത്തെ ശബ്ബത്താചരണവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ശബ്ബത്തിന്റെ തലേദിവസം വെള്ളിയാഴ്ച അവർ ആളൊന്നിന് ഈ രണ്ടിടങ്ങഴി വീതം ഇരട്ടി ആഹാരം ശേഖരിച്ചു, കാരണം ശനിയാഴ്ച ശബ്ബത്തുനാൾ ആയതിനാൽ ദൈവം അന്ന് മന്ന നൽകുക യില്ലായിരുന്നു (പുറപ്പാട് 16:22-30). ഈ ആചരണം ഉടൻ തന്നെ ദൈവത്തിന്റെ പ്രമാണത്താൽ ഉറപ്പിക്കുകയും ആ ദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിക്കുകയും ചെയ്തു (പുറപ്പാട് 20:1)



**സകലവും സൃഷ്ടിച്ചതിനു ശേഷം ദൈവം ഏഴാം ദിവസം വിശ്രമിച്ചു.... എങ്കിലും നാളുകൾ കഴിഞ്ഞിട്ടും ദൈവം അതിനെ ശുദ്ധീകരിച്ചിരുന്നില്ല.**

## മോശയ്ക്ക് മുൻപ് ശബ്ബത്ത് ആചരിച്ചിരുന്നില്ല

മോശയുടെ ന്യായപ്രമാണത്തിനു മുൻപ് പിതാക്കന്മാർ ശബ്ബത്ത് ആചരിച്ചിരുന്നതായി ചരിത്രരേഖകൾ ഇല്ല. ചരിത്രത്തിൽ മോശയ്ക്ക് മുൻപ് 2500 വർഷകാലയളവിൽ ശബ്ബത്തിനെ പ്രധാന്യമുള്ളതായി കാണുന്ന വ്യക്തമായ ഒരു സൂചനയും ഇല്ല. നോഹയും അബ്രഹാമും ശനിയാഴ്ച ഒരു വിശുദ്ധ ദിവസമായി കാണാതെ വിശ്വാസത്താൽ ദൈവത്തോടുകൂടെ നടന്നു ദൈവകൃപ പ്രാപിച്ചു. സൃഷ്ടിക്കു ശേഷം ഏഴാം ദിവസം ദൈവം വിശ്രമിച്ചു എങ്കിലും (ഉല്പത്തി 2:3) നാളുകൾ കഴിഞ്ഞിട്ടും ദൈവം അതിനെ ശുദ്ധീകരിച്ചിരുന്നില്ല. ദൈവത്തിന്റെ ദാസനായ മോശയിൽ കൂടിയാണ് "ദൈവത്തിന്റെ വിശുദ്ധശബ്ബത്ത് അവരെ അറിയിക്കുകയും" (നെഹമ്യാവ് 9:14), മിസ്രയീം ദേശത്തു അടിമകളായിരുന്നവരെ ദൈവം വിടുവിക്കുകയും ചെയ്തതിനു ശേഷമാണ് ശബ്ബത്ത് ആചരിക്കുവാൻ കല്പ്പിച്ചത് (ആവർത്തനം 5:12-15).

## ശബ്ബത്തിന്റെ ഉദ്ദേശം

ശബ്ബത്ത് അഥവാ വിശ്രമം പഴയനിയമകാലത്ത് വിവിധ ആവശ്യങ്ങൾക്കായി ദൈവം സ്ഥാപിച്ച ദിവസം ആയിരുന്നു. അതു മനുഷ്യർക്കും മൃഗങ്ങൾക്കും വിശ്രമത്തിനും, പ്രവർത്തന സജ്ജമാക്കുന്നതിനുമുള്ള ദിവസം ആയിരുന്നു "ആറു ദിവസം വേലചെയ്യുക; ഏഴാം ദിവസം നിന്റെ കാളയും കഴുതയും വിശ്രമിക്കുവാനും നിന്റെ ദാസിയുടെ പുത്രന്മാരും പരദേശിയും ആശ്വസിക്കുവാനും വേണ്ടി നീ സ്വസ്ഥമായിരിക്കണം (ആവർത്തനം 23:12). ഭൂമിയെ സൃഷ്ടിച്ച യഹോവയായ ദൈവത്തെ ഓർക്കുന്നതിനു വേണ്ടിയുള്ളതും (പുറപ്പാട് 20:11), യിസ്രായേൽ മക്കൾ മിസ്രയീം ദേശത്തു അടിമ ആയിരുന്നു എന്നും അവിടെ നിന്നു ദൈവമായ യഹോവ അവരെ തന്റെ ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജംകൊണ്ടും പുറപ്പെടുവിച്ചു എന്നും ഓർക്കുവാനുള്ളതായിരുന്നു ആ ദിവസം (ആവർത്തനം 5:15). വിശുദ്ധസഭായോഗം കൂടുവാനുള്ള പ്രത്യേകമായി നിയോഗിക്കപ്പെട്ട ദിവസമായിരുന്നു ശബ്ബത്ത്. അന്ന് വേല ഒന്നും ചെയ്യാതെ യഹോവയെ ആരാധിക്കുവാൻ വിശുദ്ധ സഭായോഗമായി കൂടിവരണം (ലേവ്യർ 23:3-8).

## ശിക്ഷാനിയമം

യഹൂദന്മാർക്ക് ശബ്ബത്താചരണം ദൈവം നൽകിയ വ്യക്തവും ധനാത്മകവുമായ ഒരു നിർദ്ദേശം ആയിരുന്നതിനാൽ അതു ലംഘിക്കുന്നവർക്കുള്ള ശിക്ഷയും കഠിനമായിരുന്നു. "അതിനെ അശുദ്ധമാക്കുന്നവർ മരണശിക്ഷ അനുഭവിക്കണം .... ആരെങ്കിലും ശബ്ബത്തു നാളിൽ വേല ചെയ്താൽ മരണശിക്ഷ അനുഭവിക്കണം (പുറപ്പാട് 31:14-15). യിസ്രായേൽ മക്കൾ സമാഗമന കൂടാരം പണിയേണ്ടിയി രുന്നതിനാൽ ആയിരുന്നു ഈ നിയമത്തിന്റെ ചില ഭാഗങ്ങൾ ഇത്ര കഠിനമായി ദൈവം കല്പിച്ചതു. ശബ്ബത്തിനെ നിരാകരിച്ചു കൊണ്ട് അതിന്റെ പണിയിൽ വ്യാപരിക്കുവാൻ ദൈവം ആഗ്രഹിച്ചിരുന്നില്ല. ശബ്ബത്ത് നാളിൽ അവരുടെ വാസസ്ഥലങ്ങളിൽ തീ കത്തിക്കുവാൻ യിസ്രായേൽ മക്കളെ അനുവദിച്ചിരുന്നില്ല. (പുറപ്പാട് 35:2-3) വെളിച്ചത്തിനും ചൂടിനുമുള്ള തീ കരുതണമെന്നും യഹൂദന്മാർ മനസ്സിലാക്കിയിരുന്നു. യിസ്രായേൽ മക്കൾ മരുഭൂമിയിൽ ഇരിക്കുമ്പോൾ ശബ്ബത്തുനാളിൽ ഒരുത്തൻ വിറക് പെറുക്കുന്നത് കണ്ടു. വിറക് പെറുക്കുന്നത് കണ്ടവർ അവനെ മോശയുടെ അടുക്കൽ കൊണ്ടുവന്നു. അവനോട് ചെയ്യേണ്ടത് ഇന്നതെന്ന് വിധിച്ചിട്ടില്ലായ്കയാൽ അവർ അവനെ തടവിൽ വച്ചു. പിന്നെ യഹോവ മോശയോട് : ആ മനുഷ്യനെ സർവ്വസഭയും പാളയത്തിനു പുറത്തുവച്ച് അവനെ കല്ലെറിയണം എന്നു കല്പിച്ചതു പോലെ അവനെ കല്ലെറിഞ്ഞു കൊന്നു കളഞ്ഞു (സംഖ്യ 15:32-36). അറിവില്ലായ്മ അല്ലായിരുന്നു അവന്റെ പാപത്തിനു കാരണം, അറിയപ്പെട്ട നിയമത്തിന്റെ ലംഘനമായിരുന്നു. നോക്കുക ദൈവത്തിന്റെ തീഷ്ണത.

## ശബ്ബത്ത് അശുദ്ധമാക്കി

കാലങ്ങൾ കഴിഞ്ഞപ്പോൾ യഹൂദ ശ്രേഷ്ഠന്മാർ ശബ്ബത്തു ദിവസത്തെ അശുദ്ധമാക്കി. യരുശലേം നഗരത്തിന്റെ വാതിലുകൾ വ്യാപാരത്തിനും യാത്രയ്ക്കുമായി തുറന്നിട്ടു (നെഹമ്യാവ് 13:17-19). ശബ്ബത്തിലുള്ള വ്യാപാരം തടയുവാനുള്ള ശ്രമത്തിൽ നെഹമ്യാവ് നഗരവാതിൽ അടച്ചു. എന്നാൽ വ്യാപാരികൾ നഗരവാതിലിന് പുറത്ത് രാപ്പാർത്തപ്പോൾ നെഹമ്യാവ് അവരെ പ്രബോധിപ്പിച്ച് ശബ്ബത്ത് നാളിൽ വ്യാപാരം ചെയ്യുന്നതിൽ നിന്ന് അവരെ പിൻതിരിപ്പിച്ചു. അവർ വരാതെ ആയപ്പോൾ അവൻ ലേവ്യരോട് ശബ്ബത്ത് നാളിനെ ശുദ്ധീകരിക്കേണ്ടതിന് തങ്ങളെ തന്നെ ശുദ്ധീകരിക്കുവാനും വാതിലുകളെ കാക്കുവാനും കല്പിച്ചു. അവർ ശബ്ബത്ത് ആചരിക്കുന്നത് നിർത്തിയപ്പോൾ ദൈവത്തെ ആരാധിക്കുന്നത് അവസാനിക്കുകയും ദോഷം വർദ്ധിക്കുകയും ചെയ്തു. ന്യായപ്രമാണയുഗത്തിൽ ഭൗതികനേട്ടത്തിനായി ഈ വിശുദ്ധദിവസം പ്രവർത്തിക്കുന്നത് വ്യക്തമായി നിരോധിച്ചിരുന്നു.

സന്തോഷം, പുതുക്കം, കരുണ, അനുസരണം,ആരാധന എന്നിവയുടെ ആത്മാവാണ് ശബ്ബത്തിനുള്ളത്; അല്ലാതെ അടിമത്വത്തിന്റെതല്ല.

## പഴയനിയമത്തിൽ ഉൾപ്പെട്ടത്

ജീവനുള്ളതും പുതിയതുമായ പ്രമാണം പകരം വരുന്നതുവരെ ആയിരുന്നു ശബ്ബത്തിന്റെ പ്രമാണങ്ങൾക്ക് സാധുത ഉണ്ടായിരുന്നത്. അത് യിരെമ്യാവ് 31:31-32 ൽ പ്രവചിച്ചിരുന്നതു, എബ്രായർ 8:8-9, 13 വാക്യങ്ങളിൽ ആവർത്തിച്ചിരിക്കുന്നത് "ഞാൻ യിസ്രായേൽ ഗൃഹത്തോടും യഹൂദാഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരുമെന്ന് കർത്താവിന്റെ അരുളപ്പാട്. ഞാൻ അവരുടെ പിതാക്കന്മാരോട് ചെയ്ത നിയമം പോലെയല്ല .... ആദ്യത്തേതിനെ പഴയതാക്കിയിരിക്കുന്നു. എന്നാൽ പഴയതാകുന്നതും ജീർണ്ണിക്കുന്നതും എല്ലാം മാറിപ്പോകുവാൻ അടുത്തിരിക്കുന്നു."



ക്രിസ്തു ആകുന്നു നമ്മുടെ സ്വസ്ഥത, അവന്റെ സ്വസ്ഥത ജഡിക ആരാധനയുടെ ഒരു ദിവസത്തെക്കാൾ വളരെ കവിയുന്നതാണ്.

## ക്രിസ്തു നമ്മൾക്ക് സ്വസ്ഥത നൽകി

യേശുക്രിസ്തു വന്നതോടുകൂടി പഴയനിയമത്തിന്റെ സാധുത മാറിപ്പോയി. ന്യായപ്രമാണം മോശെ മുഖാന്തിരം ലഭിച്ചു; കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു. ( യോഹന്നാൻ 1: 17). ജനം ഇനി ന്യായപ്രമാണത്തിന്റെ നുകത്തിൻ കീഴിൽ ആയിരിക്കുന്നതിനു പകരം ആത്മാവിലുള്ള സ്വാതന്ത്ര്യത്തിലാണ്; "നിങ്ങൾ ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരായിരിക്കുന്നത്.... (റോമർ 6:14). ന്യായപ്രമാണത്തിൻ കീഴിൽ യഹൂദന്മാർ ജഡികമായ ആരാധനയും അനുഷ്ഠാനങ്ങളും നടത്തിപോന്നിരുന്നു. പുതിയനിയമത്തിൻ കീഴിൽ കൃപയാൽ യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലം നിതീകരിക്കപ്പെടുന്നു. "എന്നാൽ ന്യായപ്രമാണത്തിന്റെ പ്രവർത്തിയിൽ ആശ്രയിക്കുന്ന എല്ലാവരും ശാപത്തിൻ കീഴാകുന്നു.... അതിൽ നിലനിൽക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ.... ക്രിസ്തു നമുക്കുവേണ്ടി ശാപമായി തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്ന് നമ്മെ വിലയ്ക്ക് വാങ്ങി(ഗലാത്യർ 3:10-13). ശബ്ബത്താചരണം പുതിയ നിയമത്തിൽ പുനഃസ്ഥാപിച്ചിട്ടില്ലാത്തതിനാൽ (അ.പ്രവർത്തി 15:5, 24-29) ദൈവജനത്തിന് അതിന്റെ അടിമത്വത്തിൽ നിന്ന് സ്വതന്ത്രമായി ജീവിക്കാം.

## ശബ്ബത്ത് ക്രിസ്തു ആവർത്തിച്ച് പഠിപ്പിച്ചില്ല

ന്യായപ്രമാണത്തിലെ പലകല്പനകളും ആവർത്തിച്ച് അവതരിപ്പിച്ചപ്പോൾ ക്രിസ്തു, ശബ്ബത്താചരണത്തെക്കുറിച്ച് ഒരിടത്തും പഠിപ്പിച്ചില്ല (മർക്കൊസ് 10:19). ശബ്ബത്തിൽ അവന്റെ ശിഷ്യന്മാർ കതിർ പറിച്ച് തിന്നുന്നതിന് പരീശന്മാർ അവനെ കുറ്റപ്പെടുത്തി. (മത്തായി 12:1). യേശു, ശബ്ബത്തിൽ സൗഖ്യമാക്കി നന്മ ചെയ്യുന്നത് വിഹിതം തന്നെ എന്നു പറഞ്ഞു (മത്തായി 12:9-14). കിടക്ക എടുത്തു നടക്കുവാൻ രോഗി ആയിരുന്ന ഒരുവനോട് യേശു കല്പിച്ചു (യോഹന്നാൻ 5: 8-11). ഈ കാര്യങ്ങളെല്ലാം യേശു ചെയ്തത് "മനുഷ്യൻ ശബ്ബത്തിനു വേണ്ടിയല്ല ശബ്ബത്ത് മനുഷ്യൻ നിമിത്തമാണ് ഉണ്ടായതെന്ന് പറഞ്ഞുകൊണ്ടായിരുന്നു (മർക്കൊസ് 2:27). ക്രിസ്തു, മദ്ധ്യസ്ഥനും ദൈവപുത്രനുമാകയാൽ ആ ദിവസത്തിന്റെ ആചരണം മാറ്റുവാനും വ്യത്യാസപ്പെടുത്തുവാനും അധികാരം ഉണ്ട്.

## പഴയതിനോട് പറ്റി നില്ക്കുക

പല ആളുകളും ശബ്ബത്താചരിക്കുന്നത് ഇന്നും പവിത്രമായി കാണുന്നുണ്ട്. തിരുവചനം വ്യക്തമാക്കുന്നത് ദൈവത്തിന്റെ ജനം ആ നിയമത്തിന്റെ കീഴിൽ അല്ല എന്നാണ്. "ഇപ്പോഴോ ദൈവത്തെ അറിഞ്ഞും വിശേഷാൽ ദൈവം നിങ്ങളെ അറിഞ്ഞുമിരിക്കെ നിങ്ങൾ പിന്നെയും ബലഹീനവും ദരിദ്രവുമായ ആദിപാഠങ്ങളിലേക്ക് തിരിഞ്ഞ് അവയ്ക്ക് പുതുതായി അടിമപ്പെടുവാൻ ഇച്ഛിക്കുന്നത് എങ്ങനെ? നിങ്ങൾ ദിവസങ്ങളും മാസങ്ങളും കാലങ്ങളും ആണ്ടുകളും പ്രമാണിക്കുന്നു" (ഗലാത്യർ 4:9-10). ദൈവത്തിന്റെ വചനം വീണ്ടും പഠിപ്പിക്കുന്നത് "ഭക്ഷണപാനങ്ങൾ സംബന്ധിച്ചോ, പെരുന്നാൾ,വാവ്,ശബ്ബത്ത് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത്. ഇവ വരുവാനിരിക്കുന്നവയുടെ നിഴലത്രേ (കൊലൊസ്സ്യർ 2:16-17).

## ക്രിസ്തു നമ്മുടെ സ്വസ്ഥത

ധാർമ്മികമായ ഒന്നല്ല ശബ്ബത്ത്, പിന്നെയോ അത് അനുഷ്ഠാനപരമായതാണ്. പുതിയ നിയമത്തിൽ നിന്ന് യാഗങ്ങൾ, ഉത്സവങ്ങൾ, സൗരഭ്യവാസന, ദൈവാലയ ആരാധന മുതലായവ ക്രിസ്തുവിന്റെ ശരീരയാഗത്താൽ നിവൃത്തി ആയതിനാൽ അവ മാറിപ്പോയി. ശബ്ബത്തിന്റെ അക്ഷരീകമായ അനുഷ്ഠാനം യേശുക്രിസ്തുവിൽ ലഭ്യമാകുന്ന ആത്മീക വിശ്രാമത്തിന്റെ നിഴൽ ആയിരുന്നു. ക്രിസ്തു ആകുന്നു നമ്മുടെ സ്വസ്ഥത; അവന്റെ സ്വസ്ഥത ജഡിക ആരാധനയിലെ ഒരു ദിവസത്തെക്കാൾ വളരെ കവിയുന്നതാണ്. എബ്രായർ 4:1-11 വരെ വാക്യങ്ങൾ അത്ഭുതകരമായി പങ്കുവയ്ക്കുന്നത് ജഡിക പശ്ചാത്തലത്തിലുള്ള ദൈവീക ആരാധന അവസാനിപ്പിച്ച ജനത്തിന് വിശ്വാസത്താൽ ലഭിക്കുന്ന യഥാർത്ഥ സ്വസ്ഥതയാണ്. അക്ഷരീകമായ ശബ്ബത്ത് ആചരണം കൃപായുഗത്തിൽ ലഭിക്കുന്ന തേജസ്സേറിയതും നിത്യവുമായ സ്വസ്ഥതയുടെ നിഴൽ ആയിരുന്നതിനാൽ ക്രിസ്തു, ജനത്തെ 'അദ്ധ്വാനക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ എല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" എന്ന് ആഹ്വാനം ചെയ്യുന്നു (മത്തായി 11:28).

## യഥാർത്ഥ ശബ്ബത്ത് മനസ്സിന്റെ സ്വസ്ഥതയാണ്

ദൈവത്തെ ആരാധിക്കുവാനായി ഒരു ദിവസത്തെ വിശുദ്ധമായി പരിഗണിക്കുമ്പോൾ എല്ലാ ദിവസവും വിശുദ്ധമായി ജീവിക്കുവാനുള്ള കഴിവ് ക്രിസ്തുവിൽ കൂടി ദൈവം ഒരുക്കും."നാം ആയുഷ്ക്കാലമൊക്കെയും ഭയം കൂടാതെ തിരുമുമ്പിൽ വിശുദ്ധിയിലും നീതിയിലും തന്നെ ആരാധിക്കുവാൻ നമുക്ക് കൃപ നൽകുമെന്ന്, അവൻ നമ്മുടെ പിതാവായ അബ്രഹാമിനോട് ചെയ്ത സത്യവും തന്റെ വിശുദ്ധ നിയമം ഓർത്തുകൊണ്ടും ആകുന്നു. (ലൂക്കോസ് 1: 74-75).

പുതിയനിയമ കാലത്തിൽ യഥാർത്ഥ ക്രിസ്തീയ ശബ്ബത്ത് സമാധാനം, സ്വസ്ഥത, ആത്മീയ ആരാധന, ആഴ്ചയിൽ എല്ലാ ദിവസവുമുള്ള വിശുദ്ധജീവിതം എന്നിവ ഉൾപ്പെടുന്നതാണ്. എല്ലാ ദിവസവും വിശുദ്ധവും, ക്രിസ്തുവിൽ കൂടി പാപത്തിൽ നിന്ന് പ്രാപിച്ച വിടുതലിനെ ഓർക്കുവാനും, ധ്യാനത്തിനും ഉള്ളതാണ്. ഈ ശബ്ബത്ത് അനുഭവത്തിനായിട്ട് ദൈവത്തിന് നന്ദി അർപ്പിക്കാം.

- mws

## ചോദ്യവും ഉത്തരവും

### തലമുറ തലമുറയായി ശബ്ബത്തിനെ എല്ലാ കാലത്തും ആചരിക്കണം എന്നു പറയുന്നത് എന്തുകൊണ്ടാണ്?

പുറപ്പാട് 31: 16-17 ൽ വായിക്കുന്നത് "ആകയാൽ യിസ്രായേൽ മക്കൾ തലമുറ തലമുറയായി ശബ്ബത്തിനെ നിത്യമായി ആചരിക്കേണ്ടതിന് ശബ്ബത്തിനെ പ്രമാണിക്കേണം അത് എനിക്കും യിസ്രായേൽ മക്കൾക്കും മദ്ധ്യേ എന്നേയ്ക്കും ഒരു അടയാളമാകുന്നു. ."

ശബ്ബത്തിന്റെ പ്രമാണം ദൈവവും യിസ്രായേൽ രാഷ്ട്രവും തമ്മിൽ ഉണ്ടായിരുന്ന ഒരു അടയാളം ആയിരുന്നു. അത് അവരിൽ അധിഷ്ഠിതമായ ഒരു ദേശീയ നിയമം ആയിരുന്നു അത്. പരിച്ഛേദന, കാഴചയപ്പം, ലേവ്യ പൗരോഹിത്യം എന്നിവപോലെ മാത്രം നിലനിൽക്കുന്നതുമായിരുന്നു. എന്നേക്കും എന്നത് നിത്യമായി ഉള്ളത് എന്ന അർത്ഥത്തിൽ അല്ല. പഴയനിയമത്തിലെ മറ്റ് അനുഷ്ഠാനങ്ങൾ പോലെ ശബ്ബത്ത് നിയമവും ആചരിച്ചുപോന്നത് പുതിയതായി പകരമുള്ള നിയമം വരുന്ന സമയത്തേയ്ക്കു മാത്രം ആയിരുന്നു. നിഴലായതിന് പ്രാബല്യമുള്ളത് പൊരുളായത് വരുന്നത് വരെ മാത്രമാണ്. നമ്മുടെ നിത്യവും തുടർമാനവുമായ ശബ്ബത്ത് യേശുക്രിസ്തുവിൽ നിവൃത്തിയായി. യഹൂദനെയും യവനനെയും വേർതിരിക്കുന്ന നിയമം ക്രൂശിൽ നീക്കികളഞ്ഞു (എഫേസ്യർ 2:11-18).

### ഞായറാഴ്ചകളിൽ ജോലി ചെയ്യുന്നത് തെറ്റാണോ?

ഒരു ജോലിയും ചെയ്യുവാൻ അനുവദിക്കാത്ത ശബ്ബത്ത് നിയമത്തിന്റെ കീഴിൽ അല്ല നാം. പരമ്പരാഗതമായി ക്രിസ്ത്യാനികൾ ഞായറാഴ്ചകളിൽ ആരാധിക്കു ന്നതിനാൽ ശബ്ബത്തിന്റെ നിയമ ങ്ങൾ പുതിയ ഉടമ്പടിയ്ക്കു കീഴിലുള്ള ഞായറാഴ്ചകളിലേക്ക് പകർത്തേണ്ടതില്ല.

അതുമായി ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്നത് "ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്ക് നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു എന്നാണ്" (ഗലാത്യർ 3: 24-25). നാം ഇപ്പോൾ ശിശുപാലകന്റെ കീഴിൽ അല്ല എങ്കിലും ശിശുപാലകന്റെ നിയമം മറക്കുന്നതു വിഡ്ഢിത്തമാണ്. ആഴ്ചതോറും അദ്ധ്വാനിച്ച ശേഷം മൃഗങ്ങൾക്കും മനുഷ്യർക്കും ഉന്മേഷത്തിനും വിശ്രമത്തിനുമുള്ള ദിവസമാണ് ശബ്ബത്ത്. ഞായറാഴ്ചകളിൽ അല്ലെങ്കിലും പ്രായോഗിക വിശ്രമം വേണം എന്നുള്ളതാണ് പ്രധാനം. വിശ്രമം ആവശ്യവും അത് ജനത്തെ വിവിധനിലയിൽ പ്രവർത്തിക്കുവാനും ഞായറാഴ്ചകളിൽ ആരാധനയിൽ കൂടുതൽ ശ്രദ്ധിക്കുവാനും കഴിയും.

ദൈവജനങ്ങൾ പലപ്പോഴും അവരുടെ "സ്വാതന്ത്ര്യം ജഡത്തിന് അവസരമാക്കുകയാണ് ചെയ്യുന്നത്" (ഗലാ. 5: 13). അങ്ങനെ ഞായറാഴ്ചകളെ മറ്റു ദിവസങ്ങൾക്ക് സമമാക്കുന്നു. ഞായറാഴ്ച ആരാധനകളിൽ തിടുക്കത്തോടെ പേരിനുവേണ്ടി അല്പസമയം സംബന്ധിക്കുകയും മറ്റ് ജീവനകാര്യങ്ങൾക്കായി ഓടുകയും ചെയ്യുന്നു.

ദൈവത്തിന്റെ വിശുദ്ധന്മാർ വ്യാപാര ആവശ്യങ്ങൾക്കായി ഏറ്റവും പ്രധാനമായ കാര്യം ലംഘിക്കുന്നതിന് പകരം മറ്റ് വിശുദ്ധന്മാരുമായി ദൈവത്തെ ആരാധിക്കുന്നതിനുള്ള സമയം മാറ്റിവയ്ക്കണം. നാം ശബ്ബത്ത് അനുഷ്ഠിക്കുന്നവർ അല്ലായ്കയാൽ ശബ്ബത്ത് നിയമത്തിന് അടിമപ്പെട്ടുപോകുവാൻ ഇടയാകാതെ ബാഹ്യമായ പ്രവർത്തികൾ എല്ലാം മാറ്റിവച്ച് ആത്മാവിന്റെ സ്വാതന്ത്ര്യവും ജ്ഞാനവും ഉൾക്കൊണ്ട് വിശേഷമായ ആരാധന ദിവസത്തിൽ വ്യാപൃതരാകുവാനുള്ള അടിസ്ഥാനമാണ് ഉള്ളത്

- mws

## മോശയുടെ ശബ്ബത്ത് – ക്രിസ്തീയ ശബ്ബത്ത്

| | |
|---|---|
| അനുഷ്ഠാനപരം | ആത്മീകം |
| ശരീരത്തിനു വിശ്രമം | പ്രാണനു വിശ്രമം |
| ഏഴാം ദിവസം വിശുദ്ധം ആയിരിക്കണം | എല്ലാ ദിവസവും വിശുദ്ധം |
| മനുഷ്യപ്രയത്നം ദിവസം അശുദ്ധമാക്കുന്നു | മനുഷ്യപ്രയത്നം ദിവസം വിശുദ്ധമോ അശുദ്ധമോ ആക്കുന്നില്ല. |
| പ്രയത്നങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കുക | പാപപ്രവർത്തിയിൽ നിന്ന് ഒഴിഞ്ഞിരിക്കുക |
| ശബ്ബത്തിൽ വേല ചെയ്താൽ മരണശിക്ഷ | പാപം ചെയ്താൽ പ്രാണന്റെ സ്വസ്ഥത നഷ്ടമായി ആത്മീക മരണം സംഭവിക്കുന്നു. |
| താല്ക്കാലിക അനുഗ്രഹം | ആത്മീക അനുഗ്രഹം |
| നിഴലും പ്രതീകവും | നിവൃത്തി |

Printed matter only
**MALAYALAM EDITION**

നിങ്ങൾക്ക് അറിയാമോ?

## രണ്ടാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളിൽ നിന്നുള്ള ഉദ്ധരണി

പുതിയ പ്രമാണം ശാശ്വതമായ ഒരു ശബ്ബത്ത് ആചരിക്കുവാനാണ് നമ്മോട് ആവശ്യപ്പെടുന്നത്. എന്നിരുന്നാലും നിങ്ങൾ ഒരു ദിവസത്തേക്ക് ആലസ്യമായി ഇരുന്നാലും നിങ്ങൾ ദൈവീകർ എന്നു കരുതുന്നു.... – ജസ്റ്റിൻ മാർട്ടിയർ 160 AD

**നീതിമാന്മാർ ആയിരുന്ന ഇവർ (ആദം, ഹാബേൽ, ഹാനോക്ക്, ലോത്ത്, മല്ക്കിസെദേക്ക്) എല്ലാവരും ശബ്ബത്ത് ആചരിക്കാതെയാണ് ദൈവത്തെ പ്രസാദിപ്പിച്ചത്. – ജസ്റ്റിൻ മാർട്ടിയർ 160** AD

ജഡത്താലുള്ള പരിച്ഛേദനയും പഴയ പ്രമാണങ്ങളും അതിന്റെ പൂർത്തീകരണത്താൽ നീക്കിക്കളഞ്ഞതുപോലെ നിലനിന്നിരുന്ന ശബ്ബത്തിന്റെ അനുഷ്ഠാനങ്ങളും താല്ക്കാലികമായിരുന്നു. – തെർത്തുല്യൻ 197 AD

തക്കസമയത്ത് പറഞ്ഞ വാക്ക്

# ക്രിസ്തുവിൽ വസിക്കുക

*എന്നിൽ വസിപ്പീൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്ക് കഴികയില്ല. – യോഹന്നാൻ 15:4*

ഫലവത്തായ ശുശ്രൂഷയ്ക്ക് സമയവും ത്യാഗവും ആവശ്യമാണ്. അത് ശാരീരികവും മാനസികമായും ക്ഷീണിപ്പിക്കും. അതേ വർഷങ്ങളിലെ ശുശ്രൂഷയ്ക്ക് ശേഷം ബുദ്ധിമാനും കഴിവുമുള്ള ഏതൊരാൾക്കും ദൈവവചനം വിശദീകരിക്കുവാനും വിശ്വസ്തനായി മുൻനിരയിൽ നിൽക്കുവാനും കഴിയും. എന്നാൽ അഭിഷേകത്തിന്റെ ജ്വാല മങ്ങിപ്പോയ ചിലർക്ക് ശുശ്രൂഷ കറയില്ലാത്ത നിശ്ചലമായ ഒന്ന് ആയിരിക്കും.



ഫലവത്തായ ശുശ്രൂഷ സ്വഭാവികമായ കഴിവുകൾ കൊണ്ടല്ല, ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്താൽ ഉളവാക്കുന്നതാണ്. യേശു, ശിഷ്യന്മാരോട് "എന്നിൽ വസിക്കുവിൻ" എന്നു പറഞ്ഞു. എന്നിൽ വസിക്കുക, എന്നിൽ ജീവിക്കുക, എന്നോട്കൂടെ നടക്കുക അല്ലെങ്കിൽ ഞാനുമായി ബന്ധത്തിൽ ആയിരിക്കുക.

ദൈവമക്കൾക്ക് മറ്റുള്ളവരെ ശുശ്രൂഷിക്കുകയും ദൈവമക്കളെ പരിപാലിക്കുകയും ക്രിസ്തുവിന്റെ വലിയ നിയോഗം ഉപേക്ഷിക്കാതെ സൂക്ഷിക്കുകയും ക്രിസ്തുവിനോടുള്ള ബന്ധം വിട്ടുകളയാതിരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. നിയമം അനുഷ്ഠിക്കുന്നവരിൽ ജീവിതത്തിലെ നന്മകളും, ആത്മാവിന്റെ ഐക്യതയും, ക്രിസ്തുവിനോടുള്ള ബന്ധവും തകർത്തു കളയുവാൻ ചിലപ്പോൾ ശത്രു ശ്രമിക്കും.

സമ്മർദ്ദവും ക്ഷീണവും ശരീരത്തെ തളർത്തുമ്പോൾ ദൈവത്തോട് അടുത്തു ചെല്ലുക. ദൈവവുമായി സംസാരിക്കുവാൻ സമയം ചെലവഴിക്കുക, നിങ്ങൾ അവനുമായി ബന്ധപ്പെട്ടിരിക്കുക. നിങ്ങളുടെ പാനപാത്രം നിറയുമ്പോൾ പുതിയ ശക്തിയോടും അഭിഷേകത്തോടും കൂടെ മറ്റുള്ളവരെ ശുശ്രൂഷിക്കുവാനും ക്രിസ്തുവുമായി വ്യക്തിപരമായി ബന്ധപ്പെട്ടിരിക്കുവാനും കഴിയും. – mws

if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര – 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.



Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**